/103335/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2602/2023-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-07-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്-പോഷകബാല്യം പദ്ധതി അങ്കണവാടികളിൽ കോഴിമുട്ട വിതരണം-പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്:-

സൂചന:-

1. 12.05.2023 ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.
2. സർക്കാരിന്റെ 14.06.2023 ലെ സ ഉ (സാധ) നം.344/2023/WCDD നമ്പർ ഉത്തരവ്.
   ഈ കാര്യാലയത്തിലെ 24.05.2023 തീയതിയിലെ DWCD/2602/2023/ICDS B1
3. നമ്പർഉത്തരവ്.
   ഈ കാര്യാലയത്തിലെ 20.05.2022 തീയതിയിലെ DWCD/1048/2022/ICDS B3
4. നമ്പർ സർക്കുലർ

വനിത ശിശുവികസന വകുപ്പിൻ കീഴിൽ അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആഴ്ചയിൽ 2 ദിവസം കോഴിമുട്ടയും 2 ദിവസം പാലും വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ 2023-24 സാമ്പത്തിക വർഷം 63 കോടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സൂചന 2 പ്രകാരം കോഴിമുട്ടയുടെ വില ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 8/-രൂപയായി വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതി അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 4 പ്രകാരം ഉള്ളതും, ചുവടെ ചേർക്കുന്നതുമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി തടസം കൂടാതെ മുന്നോട്ട് പോകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1. അങ്കണവാടികളിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ പ്രഭാത ഭക്ഷണത്തിനൊപ്പം 2 ദിവസം കോഴിമുട്ട നൽകേണ്ടതാണ്.
2. കുട്ടികൾക്ക് ചൊവ്വ,വെള്ളി ദിവസങ്ങളിൽ കോഴി മുട്ട വിതരണം ചെയ്യേണ്ടതാണ്.
3. ടി ദിവസങ്ങൾ അവധി ആകുന്ന പക്ഷം ബുധനാഴ്ചയോ ശനിയാഴ്ചയോ കോഴി മുട്ട നൽകേണ്ടതും,ടി ദിവസങ്ങൾ അവധി ആകുന്ന പക്ഷം മറ്റു ദിവസങ്ങളിൽ മുട്ട നൽകേണ്ടതുമാണ്.
4. ഇപ്പോൾ പഞ്ചായത്തുകൾ മുട്ട നല്കുന്നുണ്ടെങ്കിൽ അങ്കണവാടികളിൽ മേൽ ദിവസങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ അത് തുടരാവുന്നതാണ് .ആഴ്ചയിൽ 2 ദിവസം നിർബന്ധമായും കോഴിമുട്ട നൽകേണ്ടതാണ്.
5. അങ്കണവാടി ഗുണഭോക്താക്കളുടെ എണ്ണം ALMSC കൂടി തീരുമാനിക്കേണ്ടതാണ്.
6. പഞ്ചായത്ത് തലത്തിൽ അങ്കണവാടികളിൽ നിശ്ചിത ദിവസങ്ങളിൽ കോഴിമുട്ട എത്തിക്കാൻ താല്പര്യം ഉള്ളവരിൽ നിന്നും ബന്ധപ്പെട്ട സൂപ്പർവൈസർമാർ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ ഒരു മുട്ടയ്ക്ക് 8 രൂപ (6+2) നിരക്കിൽ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. സെക്ടർ തലത്തിൽ ക്വട്ടേഷൻ ലഭ്യമാകാത്ത സാഹചര്യത്തിൽ സബ് സെക്ടർ തലത്തിലും (നാലോ അതിൽ കൂടുതലോ അങ്കണവാടികൾ ഉൾപ്പെടുത്തി) ക്വട്ടേഷൻ വിളിക്കാവുന്നതാണ്. **പുതുക്കിയ നിരക്കിലുള്ള തുക അനുവദിക്കുന്നത് പുതിയ**

**ക്വട്ടേഷൻ അംഗീകരിക്കുന്ന തീയതി മുതൽക്കായിരിക്കും.**

7. ഒരു സെക്ടർ / പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കോഴിമുട്ട വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം ശിശു വികസന പദ്ധതി ഓഫീസർമാർ ടെണ്ടർ ക്ഷണിക്കേണ്ടതും ടെണ്ടർ നോട്ടീസിൽ പ്രസ്തുത സെക്ടർ /പഞ്ചായത്ത് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായിരിക്കുമെന്നും ടെണ്ടർ സമർപ്പിക്കേണ്ടത് സൂപ്പർവൈസർക്കാണ് എന്ന വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8. ടി പദ്ധതിക്ക് ആവശ്യമായ കോഴിമുട്ട കെപ്കോ/കുടുംബശ്രീ സംരംഭകർ/മറ്റു പ്രാദേശിക മുട്ട വിതരണസംരംഭങ്ങൾ എന്നിവരിൽ നിന്നോ സ്റ്റോർപർച്ചേസ് മാനുവൽ അനുസരിച്ച് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച വാങ്ങാവുന്നതും ആയതു സാധ്യമാകാത്ത സ്ഥലങ്ങളിൽ ഫീഡിംഗ് തടസം ഉണ്ടാകാതിരിക്കാൻ വൗച്ചർ സംവിധാനം വഴിയും പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഒരു കോഴിമുട്ടയ്ക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 8/-രൂപയായി വില നിശ്ചയിച്ചിട്ടുണ്ട്. **കോഴിമുട്ട വില 6/-രൂപയും ട്രാൻസ്പോർഷൻ ചാർജ് 2/- രൂപയും ആണ്. വൗച്ചർ സംവിധാനം വഴിയുള്ള വാങ്ങലിനു ട്രാൻസ്പോർഷൻ ചാർജ് അനുവദനീയമല്ല.**

9. നിശ്ചിത വലിപ്പത്തിലുള്ള കോഴിമുട്ട (45g) വിതരണം ചെയ്യണമെന്നും രണ്ടു ദിവസത്തേയ്ക്ക് ആവശ്യമായ കോഴിമുട്ട ഒറ്റതവണ ആയി അങ്കണവാടികളിൽ എത്തിക്കണമെന്നും എന്നാൽ മുട്ടയ്ക്ക് 10 ദിവസത്തിൽ കൂടുതൽ കാലപ്പഴക്കം പാടില്ലയെന്നും കേടായ കോഴിമുട്ടയുടെ വില നൽകുന്നതല്ല എന്നും ക്വട്ടേഷൻ / ടെണ്ടറിൽ നിബന്ധനയിൽ ഉൾപ്പെടുത്തേണ്ടതാണ്.

10. ഒരു പ്രോജെക്ടിൽ തന്നെ ഒന്നിലധികം സെക്ടർ / പഞ്ചായത്തുകൾക്ക് ടെണ്ടർ നടപടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഓരോ സെക്ടർ /പഞ്ചായത്തിനു വേണ്ടിയും ശിശു വികസന പദ്ധതി ഓഫീസർ പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

11. ടെണ്ടർ ഫോമിൻറെ വിതരണവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും പ്രൊജക്റ്റ് തലത്തിൽ ശിശു വികസന പദ്ധതി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

12 . ടെണ്ടറിനോടനുബന്ധിച്ചുള്ള ഇ.എം.ഡി, സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ ഓഫീസ് മേലധികാരി ആയ ശിശു വികസന പദ്ധതി ഓഫീസറുടെ പേരിൽ എടുക്കേണ്ടതും ഓഫീസ് തലത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി ശിശു വികസന പദ്ധതി ഓഫീസർ സൂക്ഷിക്കേണ്ടതുമാണ്.

13. സെക്ടർ /പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന ക്വട്ടേഷൻ/ടെണ്ടറുകൾ സൂപ്പെർവൈസർമാർ പരിശോധിച്ച ശിശു വികസന പദ്ധതി ഓഫീസറുടെ അംഗീകാരം തേടേണ്ടതും ശിശു വികസന പദ്ധതി ഓഫീസർ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ /ടെണ്ടർ അംഗീകരിച്ച നൽകേണ്ടതുമാണ്. ക്വട്ടേഷൻ / ടെണ്ടർ അംഗീകാരം നേടിയ ശേഷം സൂപ്പെർവൈസർ സപ്ലൈ ഓർഡർ പുറപ്പെടുവിച്ച വാങ്ങൽ നടപടി പൂർത്തീകരിക്കേണ്ടതാണ് .

14. ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ ഇ.എം.ഡി /സെക്യൂരിറ്റി ഡെപോസിറ്റ് എന്നിവ സൂപ്പെർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ ടെണ്ടർക്ക് മടക്കി നൽകാവുന്നതാണ്

15. ഒരു സൂപ്പെർവൈസർക്ക് ഒന്നിലധികം സെക്ടർ / പഞ്ചായത്തുകളുടെ ചുമതല ഉണ്ടെങ്കിൽ ടി സെക്ടർ / പഞ്ചായത്തുകൾക്ക് പ്രത്യേകം വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. വാങ്ങൽ നടപടി പൂർത്തീകരിച്ച സൂപ്പർവൈസർമാർ എല്ലാ രേഖകളും ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

16. സൂപ്പർവൈസർമാർ ഓരോ അങ്കണവാടി സെന്ററിലെയും കുട്ടികളുടെ എണ്ണം, വിതരണം ചെയ്ത കോഴിമുട്ടയുടെ എണ്ണം,അനുവദിക്കേണ്ട തുക എന്നിവ പട്ടിക രൂപത്തിലാക്കി ഓരോ മാസവും ബില്ല് ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

17. ഒരു കുട്ടിക്ക് 2 കോഴിമുട്ട കണക്കാക്കി ഓരോ പ്രോജെക്റ്റിനും ആവശ്യമായ എണ്ണം ശിശു വികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ ഒരു കോഴിമുട്ടയ്ക്ക് 8/- രൂപയായി കണക്കാക്കി ആവശ്യമായ തുക പ്രോഗ്രാം ഓഫീസർമാരെ അറിയിക്കേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ സമയബന്ധിതമായി ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ്.

18. പ്രോഗ്രാം ഓഫീസർമാർ നൽകുന്ന റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ കോഴിമുട്ട വിതരണത്തിന് ഓരോ ജില്ലയ്ക്കും ആവശ്യമായ തുക 2235 -02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ നിന്നും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുവദിക്കുന്നതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ സമർപ്പിക്കുന്ന റിക്വയർമെന്റിനു അനുസരിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർ തുക അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

19. സൂപ്പർവൈസർമാർ സമർപ്പിക്കുന്ന ബില്ലുകളും മറ്റ് രേഖകളും ശിശു വികസന പദ്ധതി ഓഫീസർമാർ സൂക്ഷമപരിശോധന നടത്തേണ്ടതും തുക അനുവദിച്ച ശേഷം ബില്ലുകൾ സൂക്ഷിച്ചു വയ്ക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.

20. കോഴിമുട്ട വിതരണവുമായി ബന്ധപ്പെട്ട് വർക്കർമാർ അങ്കണവാടികളിലും സൂപ്പെർവൈസർമാർ പഞ്ചായത്ത് തലത്തിലും ശിശു വികസന പദ്ധതി ഓഫീസർമാർ പ്രോജെക്റ്റ് തലത്തിലും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും സൂപ്പെർവൈസർമാർ/ ശിശു വികസന പദ്ധതി ഓഫീസർമാർ അവ കൃത്യമായി പരിശോധിച്ച ഒപ്പ് രേഖപ്പെടുത്തേണ്ടാതാണ്

21. പോഷകബാല്യം പദ്ധതി തടസ്സമില്ലാതെ നടത്തുന്നു എന്ന് അതാതുപ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ആയതു സംബന്ധിച്ച റിപ്പോർട്ട് ഓരോ മാസവും 15-ആം തീയതിക്ക് മുൻപ് ലഭ്യമാക്കെണ്ടാതുമാണ്.

PRIYANKA G

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

gned by Priyanka G
te: 01-07-2023 12:07:46